**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2926** **18-03-2022 - ൽ മറുപടിയ്ക്ക്**

**വനസംരക്ഷണത്തിനുള്ള കർമ്മ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനസംരക്ഷണത്തിനും വനപരിപാലനത്തിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ; | (എ) | വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും വനപരിപാലനം കാര്യക്ഷമമാക്കുന്നതിനും നിലവിൽ ചെയ്തുവരുന്നതും പരിഗണനയിലുള്ളതുമായി പരിപാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. സംസ്ഥാനത്തെ വനമേഖലകൾ സംരക്ഷിക്കുവാൻ വനം റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയിലൂടെ വനാതിർത്തി നിർണ്ണയിച്ച് ജണ്ടകെട്ട് സംരക്ഷിച്ചു വരുന്നു. സംസ്ഥാനത്ത് വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ, റിസർവ്വ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികൾ എന്നിവ റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ വനത്തിനുള്ളിലും വനത്തിനോട് ചേർന്ന് കിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റീബിൽഡ് കേരള, കിഫ്ബി തുടങ്ങിയ പദ്ധതികൾ മുഖേന ഉൾവനങ്ങളിലെ സ്വകാര്യ ഭൂമികളിൽ താമസിക്കുന്നവർക്ക് മതിയായ നഷ്ടപരിഹാരം നൽകി അർഹരായ കുടുംബങ്ങളെ സ്വയം സന്നദ്ധത പ്രകാരമുള്ള പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി മാറ്റി പാർപ്പിക്കുകയും പ്രസ്തുത ഭൂമി വനഭൂമിയായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ശോഷണം സംഭവിച്ച വനഭാഗങ്ങളിൽ ശോഷിക്കപ്പെട്ട വനങ്ങളുടെ പുനരുജ്ജീവനം, പ്രകൃതിദത്തവനങ്ങളുടെ സഹായ വനവൽക്കരണം എന്നീ പദ്ധതികളിലൂടെ പുരുജ്ജീവിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിനുള്ള ഇക്കോറെസ്റ്റോറേഷൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വനപരിപാലനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | വനപരിപാലനത്തിനും, വനസമ്പത്ത് കാത്ത് സൂക്ഷിക്കുന്നതിനും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, പ്ലാന്റേഷനുകൾ നട്ടുപിടിപ്പിക്കലും, അവയുടെ സംരക്ഷണ പ്രവർത്തനങ്ങളും കൂടാതെ മണ്ണൊലിപ്പ് തടയുന്നതിനും ജലസംരക്ഷണത്തിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. അധിനിവേശ സസ്യങ്ങളെ ഒഴിവാക്കി തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചും, പുൽമേട്ടുകൾ സംരക്ഷിച്ചും ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നുണ്ട്. വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയുവാനും, വന്യ ജീവികൾക്ക് ജലലഭ്യത ഉറപ്പാക്കുവാനും, കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിച്ചും, ജലസ്രോതസ്സുകളിൽ മാലിന്യവും, ചെളിയും നീക്കി സംരക്ഷിച്ചും, വനങ്ങളെ പുഷ്ടിപ്പെടുത്തി വരുന്നുണ്ട്. വനപ്രദേശങ്ങളിലും വനത്തിനുള്ളിലും പട്രോളിംഗ് ക്യാമ്പുകൾ, സംയുക്ത റെയ്ഡുകൾ, നൈറ്റ് പട്രോളിംഗ് എന്നിവ നടത്തിയും വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുള്ളതാണ്. വനസംരക്ഷണ സമിതികളും ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളും രൂപീകരിച്ച് പങ്കാളിത്ത വനപരിപാലനം നടപ്പാക്കി വന്യമൃഗവേട്ട തടയുന്നതിനും സംരക്ഷണം ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനം കുറ്റകൃത്യങ്ങളിൽ കുറ്റക്കാർക്കെതിരെ നിയമാനുസൃതം ശക്തമായ നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | കേന്ദ്ര സഹായത്തോടെയുള്ള ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇതിനായി കേന്ദ്രസഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റിന്റെ ധനസഹായം ലഭിക്കുന്നത് സംസ്ഥാനത്ത് 16 വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾക്കും, 5 ദേശീയ ഉദ്യാനങ്ങൾക്കും, 1 കമ്മ്യൂണിറ്റി റിസർവ്വിനുമാണ്. ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് സ്കീമിൽ വർഷാവർഷം 60:40 അനുപാതത്തിൽ ധനസഹായം ലഭിച്ചുവരുന്നു. കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം, കാനന പാതകളുടെ നിർമ്മാണവും പരിപാലനവും, വൈദ്യുതവേലികളുടെ നിർമ്മാണം, ആനകളുടെ ആക്രമണത്തിൽ നിന്നും കൃഷിഭൂമി സംരക്ഷിക്കുന്നതിനായി ട്രഞ്ചുകളുടെ നിർമ്മാണം, വന്യമൃഗ ആക്രമണത്തിന് വിധേയമായവർക്കുള്ള നഷ്ടപരിഹാരം, ജൈവവൈവിദ്ധ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനുള്ള ഗവേഷണങ്ങളും വനത്തിനുള്ളിലെ ചതുപ്പുവയലുകളുടെ പരിപാലനവും, കുളം, തടയണകൾ എന്നിവയുടെ നിർമ്മാണം, ഉപദ്രവകാരികളായ കളകളുടെ നിർമ്മാർജ്ജനം, പ്രകൃതിപഠന ക്യാമ്പുകൾ, വന്യമൃഗങ്ങളെ സംബന്ധിച്ച അറിവ് നൽകുന്ന ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം, തൊഴിൽ |

| | | | |
|---|---|---|---|
| | | | പരിശീലനങ്ങൾ, സൗരോർജ്ജ വിളക്കുകൾ, വാർത്താവിനിമയ സൗകര്യങ്ങൾ, വയർലെസ് സെറ്റുകൾ തുടങ്ങിയ വിവധങ്ങളായ പ്രവർത്തികളാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) | സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷ കാലയളവിനുള്ളിൽ വനസംരക്ഷണത്തിന് തുടർന്ന് വന്ന ഏതെല്ലാം പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; ആയത് നിർത്തലാക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കാലയളവിൽ എത്ര പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്? | (സി) | കഴിഞ്ഞ 5 വർഷ കാലയളവിനുള്ളിൽ പദ്ധതികളൊന്നും നിർത്തലാക്കിയിട്ടില്ല. ഗ്രീൻ ഇന്ത്യ മിഷൻ മുഖേന പുതുതായി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ മുറിച്ചുമാറ്റിയ യൂക്കാലി തോട്ടത്തിനുള്ളിൽ പ്രകൃതിക്ക് ഇണങ്ങുന്നതും വന്യജീവികൾക്ക് പ്രയോജനകരവുമായ മുള, മറ്റ് തദ്ദേശീയ ഇനം വൃക്ഷങ്ങൾ എന്നിവ നട്ടുവളർത്തുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വനത്തിനുള്ളിൽ വന്യജീവികൾക്ക് സുലഭമായി ഭക്ഷണം ലഭിക്കുന്നതിലൂടെ അവ മനുഷ്യവാസ പ്രദേശങ്ങളിലേക്ക് ഇറങ്ങുന്നത് തടയാൻ ലക്ഷ്യമിടുന്നു. ഇതിലൂടെ മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കാൻ സാധിക്കുന്നു. സ്വാഭാവിക വനത്തിന്റെ പുനസ്ഥാപനത്തിലൂടെയും അരുവികൾ, കുളങ്ങൾ തുടങ്ങിയ സ്വാഭാവിക ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിലൂടെയും ജൈവവൈവിദ്ധ്യം നിലനിർത്തി അനുയോജ്യമായ ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ മനുഷ്യ വന്യജീവി സംഘർഷം പരിഹരിക്കുന്നതിനായി പദ്ധതിയിൽ ഉൾപ്പെടുത്തി സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആനപ്രതിരോധ കിടങ്ങ്, ആനപ്രതിരോധ മതിൽ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള 9.24 ഹെക്ടർ കണ്ടൽവനങ്ങൾ RKDP പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ട്രൈഫെഡ് മുഖേന നടപ്പിലാക്കി വരുന്ന മിനിമം സപ്പോർട്ട് പ്രൈസ് ഫോർ ഫോറസ്റ്റ് പ്രൊഡ്യൂസ്, (MSP For MFP) വൻധൻ വികാസ് യോജന, കിഫ്ബി, റീബിൽഡ് കേരള ഡവലപ്മെന്റ് പ്രോഗ്രാം (RKDP)എന്നീ പുതിയ പദ്ധതികളും പ്രസ്തുത കാലഘട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ